# Holy Voice

## Parish Bulletin

### ഹോളിക്രോസ് തീർത്ഥാടന ദൈവാലയം, മാപ്രാണം

പി.ഒ.മാടായിക്കോണം 680 712, തൃശ്ശൂർ ജില്ല
ഫോൺ :0480 2822740

രക്ഷാധികാരി
മാർ പോളി കണ്ണൂക്കാടൻ
ഇരിങ്ങാലക്കുട രൂപത മെത്രാൻ

മാനേജിംഗ് എഡിറ്റർ
റവ.ഫാ.ജോസ് മാളിയേക്കൽ
ഫോൺ : 0480 2826192, 9446628250

പുസ്തകം 21 മാർച്ച് 2015

**എഡിററർ**
ജോർജ് എറാട്ടുകാരൻ 9605666658
**സെക്രട്ടറി**
ജോസഫ് കാച്ചപ്പിള്ളി 9400878280
**സബ്ബ് എഡിറ്റർ**
ജെസ്റ്റിൻ മംഗലത്ത് 9747552251
**അഡ്വർടൈസ്മെന്റ് മാനേജർ:**
ജെയിംസ് നെല്ലിശ്ശേരി 9447466548
**ട്രഷറർ**
അനൂപ് ബേബി അറയ്ക്കൽ 9947272633
**എഡിറ്റോറിയൽ ബോർഡ്**
റവ.സി.ഡെൽസാ മരിയ FCC 2822935
ജോഷി മഞ്ഞളി 9895467530
ആന്റണി കള്ളാപറമ്പിൽ 9447240089
അനന്ത് അറയ്ക്കൽ 9846567891
ബീന തോമസ് ചേറേങ്ങാടൻ 9048244810
ക്രിസ്റ്റി പോളി ആഴ്ച്ചങ്ങാടൻ 9747941924
ജോൺ കോമ്പാറക്കാരൻ 9645240524
ആൽവിൻ കാഞ്ഞാണിക്കാരൻ 9744281759
**എക്സ് ഒഫീഷ്യോ**
ഫാ. സിന്റോ മാടവന (അസി. വികാരി)
ജോസ് ചെങ്ങാലൂക്കാരൻ 9747725558
ജോസഫ് കാച്ചപ്പിള്ളി 9400878280
സൈമൺ ചാക്കോര്യ 8547424191

പേജുകളിലൂടെ...

| | |
|---|---|
| ഇടവക ഡയറി | 2 |
| എഡിറ്റോറിയൽ | 3 |
| ഫ്രാൻസിസ് പാപ്പയുടെ നോമ്പുകാല ചിന്തകൾ | 4 |
| ഇടയശബ്ദം | 5 |
| ഉൾക്കാഴ്ച | 7 |
| മനുഷ്യരെ നേടുന്ന മുക്കുവന്മാർ | 8 |
| ബാലപംക്തി | 10 |
| വിശുദ്ധരുടെ ജീവിതത്തിലൂടെ | 11 |
| സഭാവാർത്തകൾ | 12 |
| ജാലകത്തിലൂടെ | 17 |
| സാക്ഷ്യം | 19 |
| നിങ്ങൾക്കറിയാമോ? | 20 |
| കവിത | 21 |
| ഗുരോ സ്വസ്തി | 22 |
| ആരോഗ്യചിന്തകൾ | 24 |
| കുടുംബസമ്മേളനം | 25 |
| പിന്നിട്ട ലോകം | 26 |
| ക്വിസ് മത്സരം | 27 |
| ബൈബിൾ കലണ്ടർ | 28 |



# ഹോളി വോയ്സ്



## ഹോളിക്രോസ് തീർത്ഥാടന ദൈവാലയം, മാപ്രാണം

### പാരിഷ് ബുള്ളറ്റിൻ

മാർച്ച് 2015

| തിയ്യതി | ഇടവക ഡയറി - മാർച്ച് 2015 | സമയം |
|---|---|---|
| 01 | നോമ്പുകാലം 3-ാം ഞായർ<br>തീർത്ഥാടക സഹായസമിതി മീറ്റിങ്ങ് | 8.00 a.m. |
| 04 | മദ്ധ്യസ്ഥപ്രാർത്ഥന ഗ്രൂപ്പ് മീറ്റിങ്ങ് | 3.00 p.m. |
| 06 | മാസാദ്യവെള്ളിയാഴ്ച ആചരണ ശുശ്രൂഷകൾ | |
| 08 | നോമ്പുകാലം 4-ാം ഞായർ<br>പ്രതിനിധി യോഗം | 8.00 a.m. |
| 13 | വെള്ളിയാഴ്ച ആചരണ ശുശ്രൂഷകൾ | |
| 14 | മാതൃസംഘം മീറ്റിങ്ങ് | 3.00 p.m. |
| 15 | നോമ്പു കാലം 5-ാം ഞായർ<br>മാർഗ് ജനറൽ ബോഡിയോഗം | 8.00 a.m. |
| 18 | കനകമല തീർത്ഥാടനം | |
| 19 | വി. യൗസേപ്പിതാവിന്റെ തിരുനാൾ | |
| 20 | വെള്ളിയാഴ്ച ആചരണ ശുശ്രൂഷകൾ | |
| 21 | രോഗിദിന ശുശ്രൂഷകൾ | |
| 22 | നോമ്പു കാലം 6-ാം ഞായർ<br>ഫ്രാൻസിസ്കൻ അൽമായ സമൂഹം മീറ്റിങ്ങ് | 8.00 a.m. |
| 25 | പ. കന്യകാമറിയത്തിന്റെ മംഗള വാർത്ത തിരുനാൾ | |
| 27 | വെള്ളിയാഴ്ച ആചരണ ശുശ്രൂഷകൾ | |
| 29 | ഓശാന ഞായർ - നോമ്പുകാലം 7-ാം ഞായർ | |

## വെള്ളിയാഴ്ച ആചരണം ഏറ്റെടുത്തവർ

| | |
|---|---|
| 06-03-2015 | അപർണ്ണ അലക്സ് കുരിയൻ, പൂച്ചുന്നിപാടം |
| 13-03-2015 | കണ്ണേങ്കത്ത് ദേവസ്സി ആന്റണി, മുംബൈ |
| 20-03-2015 | പേരുട്ടി കുഞ്ഞുവറീത് ഡേവിസ്, ഒല്ലൂർ |
| 27-03-2015 | ആൻമേരി മേജൊ കീറ്റിക്കൽ, ചെമ്മണ്ട |

## നോമ്പുകാല ശുശ്രൂഷകൾ

എല്ലാ ദിവസവും ആദ്യത്തെ വി. കുർബാനയ്ക്കു ശേഷം കുരിശിന്റെ വഴി പ്രാർത്ഥന.
ആഴ്ചയിൽ ഒരിക്കൽ ഉപവാസ ദിനം.
വെള്ളിയാഴ്ചകളിൽ വൈകീട്ട് 7 മണിക്ക് സെന്റ് ജോൺ കപ്പേളയിൽ നിന്ന് ദൈവാലയത്തിലേക്ക് കുരിശിന്റെ വഴി പ്രാർത്ഥന.
മറ്റു ദിവസങ്ങളിൽ പള്ളി അങ്കണത്തിൽ.

ഫാ. ജോസ് മാളിയേക്കൽ, വികാരി & റെക്ടർ

# എഡിറ്റോറിയൽ



വീണ്ടുമൊരു മാർച്ച് മാസം വന്നെത്തിയിരിയ്ക്കുന്നു. വാർഷിക കണക്കെടുപ്പുകളുടേയും വാർഷിക പരീക്ഷകളുടേയും വാതായനങ്ങൾ മലർക്കെ തുറക്കപ്പെടുകയാണ്. കമ്പനികളും സ്ഥാപനങ്ങളും അവയുടെ കഴിഞ്ഞ ഒരു വർഷക്കാലത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുന്ന വാർഷിക ഓഡിറ്റ് ഈ മാസത്തിലാണ് നടത്തുക. തങ്ങളുടെ പ്രവർത്തനമേഖലയിലെ ഗതിവിഗതികൾ വിലയിരുത്തുന്നതിനും പാളിച്ചകൾ ഉണ്ടെങ്കിൽ തിരുത്തുന്നതിനും നേട്ടങ്ങളെ കൂടുതൽ ശ്രദ്ധയോടെ മുന്നോട്ടു കൊണ്ടുപോകുന്നതിനും ഈ കണക്കെടുപ്പുകൾ അവരെ സഹായിക്കുന്നു. അത്തരത്തിലൊരു കണക്കെടുപ്പ് നമ്മുടെ ജീവിതത്തിലും നല്ലതാണ്. ദൈവത്തിന്റെ ദാനമായ ഈ ജീവിതം എത്രത്തോളം ദൈവത്തിന് പ്രീതികരമാംവിധം നയിച്ചുവെന്ന് പരിശോധിയ്ക്കുന്നത്, അനശ്വരമായ സ്വർഗീയജീവിതത്തിനുള്ള നമ്മുടെ തയ്യാറെടുപ്പുകളെ കാര്യക്ഷമമാക്കും.

വിദ്യാർത്ഥികളുടെ വാർഷിക പരീക്ഷകൾക്കും അതീവ പ്രാധാന്യമാണുള്ളത്. ഇന്നും എസ്.എസ്.എൽ.സി പരീക്ഷയ്ക്കു നമ്മുടെ സമൂഹം നൽകുന്ന പ്രാധാന്യം വളരെ ഉയർന്നതാണല്ലോ. കുട്ടികളിൽ അവയുണ്ടാക്കുന്ന അമിതമായ ടെൻഷൻ പ്രത്യേകം പ്രകടമാണ്. ഈ ടെൻഷൻ ഒഴിവാക്കി ആത്മവിശ്വാസത്തോടെ പരീക്ഷയെഴുതാൻ കുട്ടികളെ സഹായിക്കുന്നതിൽ മാതാപിതാക്കൾക്കും, കുടുംബത്തിലെ മുതിർന്നവർക്കും വലിയൊരു പങ്കാണുള്ളത്.

നമ്മുടെ കുട്ടികൾക്കുമാത്രം മതിയോ ഈ വാർഷിക പരീക്ഷ? നമുക്കും വേണ്ടേ?, അതാണ് ഈ അമ്പതു നോമ്പ് നമുക്ക് പ്രദാനം ചെയ്യുന്നത്. നമ്മുടെ മനസ്സിൽ നിന്നും മാഞ്ഞുപോയ ദൈവ വചനങ്ങളും ദൈവീക ചിന്തകളും കൂടുതൽ ശക്തമായി ഊട്ടിയുറപ്പിക്കാൻ ഈ നോമ്പുകാലം ഉപയോഗപ്പെടുത്തുകയാണെങ്കിൽ അതു നമ്മുടെ ജീവിതവിജയത്തിന്റെ സാക്ഷാത്ക്കാരത്തിനും, അതിലൂടെ സമൂഹത്തിന്റെ വളർച്ചയ്ക്കും സഹായകമാകും. പുരാതനമായ മാപ്രാണം ഇടവക ദൈവ വിശ്വാസത്തിലും വിശ്വാസാധിഷ്ഠിത ജീവിതത്തിലും ഒട്ടും പിന്നിലല്ല എന്നിരുന്നാലും ഇനിയും നമ്മൾ മുന്നോട്ടു പോകേണ്ടതല്ലേ? അതിന്റെ ചില സൂചകങ്ങളായി കഴിഞ്ഞ ദിവസങ്ങളിൽ നമ്മുടെ ദൈവാലയത്തിൽ എത്തിചേരുന്ന ആയിരക്കണക്കിനു വിശ്വാസികളുടെ സാന്നിദ്ധ്യത്തിലേയ്ക്കു നയിച്ച സംഭവത്തെ നാം മനസ്സിലാക്കുന്നതിൽ തെറ്റില്ല. ഈ ദൈവഭവനം വലിയൊരു തീർത്ഥാടന കേന്ദ്രമായി ഇനിയും വളരട്ടെയെന്നു നമുക്ക് പ്രാർത്ഥിക്കാം.

സ്നേഹത്തോടെ,

**ജോർജ്ജ് എറാട്ടുകാരൻ** (എഡിറ്റർ)

# ഫ്രാൻസിസ് പാപ്പയുടെ നോമ്പുകാല ചിന്തകൾ



1. ദൈവവുമായുള്ള അടുത്ത സ്നേഹ ബന്ധത്തിനുള്ള ക്ഷണമാണ് നോമ്പുകാലം.
2. നമ്മുടെ ബലികൾക്കും ഇന്ദ്രിയ നിഗ്രഹങ്ങൾക്കും അർത്ഥമുണ്ടാകുന്നത് അവ നമ്മുടെ ഹൃദയങ്ങളിൽ നിന്ന് വരുമ്പോഴാണ്.
3. ആഴമേറിയ സ്നേഹാനുഭവത്തിലേക്ക് നയിക്കുന്ന വിധമാകണം ഉപവാസം ആചരിക്കേണ്ടത്.
4. പാവങ്ങൾക്കുവേണ്ടി ഉപവസിക്കാത്തവൻ ദൈവത്തെ കബളിപ്പിക്കുന്നു.
5. ഉപവാസകാലം എന്നത് ആത്മാവിന് കൊടുക്കുന്ന മേക്കപ്പല്ല, മറിച്ച് ആത്മാവിനെ അടിമുടി നവീകരിക്കാനുള്ള കാലമാണ്.
6. അടിയുറച്ച തീക്ഷ്ണതയോടും സഹിഷ്ണുതയോടും കൂടി ഉപവസിക്കാനും ജീവിതത്തിൽ യേശുവിന്റെ സത്പ്രവർത്തികളുടെ സാക്ഷാത്ക്കാരം ദൃശ്യമാക്കാനും നോമ്പുകാലത്ത് നമുക്ക് സാധിക്കണം.
7. നോമ്പുകാലത്തിൽ മാനസാന്തരത്തിലൂടെ വിശ്വാസത്തിന്റെ വേരുകളിലേക്ക് ധ്യാനാത്മാകഹൃദയത്തോടെ നാം പ്രവേശിക്കുന്നു.
8. "സഹിഷ്ണുതയുടെ നോമ്പുകാലാനുഭവം" സദ്വാർത്തയ്ക്ക് സാക്ഷ്യം നൽകുന്നതാവണം.
9. നോമ്പ് നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നത് സത്യത്തിന്റെ ശബ്ദവും ഉറച്ച പ്രതീക്ഷയുമാണ്.
10. ഈസ്റ്ററോടുകൂടി അവസാനിക്കുന്ന "നല്ല പ്രവർത്തികളുടെ കുറച്ചു ദിവസങ്ങൾ" എന്ന നിലയിൽ നിന്നും നമ്മുടെ ജീവിതത്തിനാകമാനം സംഭവിക്കേണ്ട മാനസാന്തര കാലമായി നോമ്പുകാലം അനുഭവവേദ്യമാകണം.

---



ഹോളിവോയ്സ് എഡിറ്റോറിയൽ ബോർഡിലെ നവാഗതർ !

സ്വാഗതം... അഭിനന്ദനങ്ങൾ...



ജോൺ കോമ്പാറക്കാരൻ

ആൽവിൻ കാഞ്ഞാണിക്കാരൻ




യേശുവിൽ ഏറ്റവും പ്രിയപ്പെട്ടവരെ,

നോമ്പുകാലത്തിന്റെ പൂർണ്ണതയിലേക്ക് നമ്മൾ പ്രവേശിക്കുകയാണ്. മാനസാന്തരത്തിന്റെയും ഹൃദയപരിവർത്തനത്തിന്റെയും ഒരുക്കങ്ങൾ പൂർത്തിയാക്കി ഓശാന തിരുനാൾ ആഘോഷിച്ച് മുറിക്കപ്പെട്ടവന്റെ തിരുനിണത്തിന്റെ യോഗ്യതകളാൽ വിശുദ്ധീകരിക്കപ്പെട്ട് ഉത്ഥാന തിരുനാളിൽ പങ്കുചേർന്ന് അനുഗ്രഹീതരാകുവാൻ സാധിക്കുന്ന അവർണ്ണനീയമായ സമയം.

പരസ്യ ജീവിതത്തിന്റെ മുഴുവൻ സമയവും മറ്റുള്ളവർക്കുവേണ്ടി മാത്രം അധ്വാനിച്ചും പ്രാർത്ഥിച്ചും ഏവർക്കും സംലഭ്യനായി അവിടുത്തെ തിരുസാന്നിദ്ധ്യം ലോകാവസാനംവരെയും ഉണ്ടാകുവാൻ ആഗ്രഹിച്ച് ഒടുവിലത്തെ അത്താഴവേളയിൽ അപ്പവും വീഞ്ഞുമെടുത്ത് ആശീർവ്വദിച്ച് മുറിച്ച് തന്റെ ശരീരരക്തങ്ങളാക്കി തന്റെ പ്രിയപ്പെട്ടവർക്കു നൽകി സ്നേഹത്തിന്റെ ഉദാത്ത മാതൃക ലോകത്തിനു നൽകിയ യേശുവിന്റെ ചൈതന്യം ജീവിക്കുവാനുള്ള സമയമാണിത്. യേശുവിനെപ്പോലെ മറ്റുള്ളവർക്കുവേണ്ടി മുറിക്കപ്പെടുവാൻ നമ്മൾ സന്നദ്ധരാകണം. മറ്റുള്ളവരുടെ കൂടി ഔദാര്യമാണ് നമ്മുടെ ജീവിതമെന്നോർക്കണം നമ്മൾ. നമ്മുടെ കഴിവും സമയവും സമ്പത്തും സൗകര്യങ്ങളുമെല്ലാം മറ്റുള്ളവരുമായി പങ്കുവെയ്ക്കുവാൻ നമ്മൾ തയ്യാറാകണം. ഇന്ന് ലോകത്തിൽ കുറവു സംഭവിച്ചുകൊണ്ടിരിക്കുന്ന സ്നേഹത്തിന്റെ ഈ വലിയ ഭാവം വീണ്ടെടുക്കുവാൻ ഈ നോമ്പുകാലം വഴിയൊരുക്കണം.

നോമ്പുകാലം വീണ്ടും നമ്മെ പഠിപ്പിക്കുന്ന മഹത്തരമായ സന്ദേശമാണ് ഗദ്സെമൻ തോട്ടത്തിലെ യേശുവിന്റെ പ്രാർത്ഥന. യേശുവിന്റേത് പ്രാർത്ഥനയിൽ നിന്ന് ശക്തി സ്വീകരിച്ച ജീവിതമായിരുന്നു. പ്രാർത്ഥനയിലൂടെ പിതാവായ ദൈവവുമായി ഗാഢബന്ധം പുലർത്തിയ ജീവിതം. യേശുവിന്റെ എല്ലാ പ്രധാന തീരു

മാനങ്ങളിലും പിതാവിന്റെ ഇഷ്ടം നിറവേറ്റിയ ഈശോയെയാണ് സുവിശേഷങ്ങളിൽ നമുക്ക് കാണാൻ കഴിയുക. പിതാവായ ദൈവത്തിന്റെ മഹത്വമാണ് യേശു തന്റെ ജീവിതത്തിലൂടെ നിർവഹിച്ചത്. അതിന്റെ മകുടോദാഹരണമാണ് യേശുവിന്റെ ഗദ്സെമൻ അനുഭവം. സംഭവിക്കുവാൻ പോകുന്ന വേദന നിറഞ്ഞ പീഢാസഹനങ്ങളും കുരിശുമരണവും മുന്നിൽകണ്ട് "കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നകന്നു പോകട്ടെ" എന്ന് പ്രാർത്ഥിച്ചപ്പോഴും "തന്റെ ഇഷ്ടമല്ല പിതാവിന്റെ ഇഷ്ടം നിറവേറട്ടെ"യെന്ന് പ്രാർത്ഥിച്ച് ശക്തി സ്വീകരിച്ച് തന്റെ ജീവിതബലി പൂർത്തിയാക്കുവാൻ തയ്യാറായ യേശുവിന്റെ ചൈതന്യമായിരിക്കണം നമ്മുടെ പ്രാർത്ഥനയുടെ ശൈലിയും ചൈതന്യവും. ജീവിതത്തിന്റെ ദുഖങ്ങളിലും, ദുരിതങ്ങളിലും, പ്രതിസന്ധി ഘട്ടങ്ങളിലും, രോഗങ്ങളിലും, വേദനയിലും, ഒറ്റപ്പെടലുകളിലും തളരാതെ മുന്നേറണമെങ്കിൽ നമുക്കും ഗദ്സെമനിലെ കർത്താവിന്റെ അരികിലെത്താം. ഗദ്സെമൻ അനുഭവത്തിൽ നമുക്കും പങ്കുചേരാം. നമുക്കു പ്രാർത്ഥിക്കാം, പിതാവെ അവിടുത്തെ ഇഷ്ടം എന്നിൽ നിറവേറട്ടെയെന്ന്. സന്തോഷത്തിൽ മാത്രം ദൈവത്തെ സ്തുതിക്കുന്നവരാകാതെ ദുഃഖത്തിലും ദൈവത്തെ മഹത്വപ്പെടുത്തുന്നവരാകാൻ ഈ നോമ്പുകാലം നമ്മെ സഹായിക്കണം.

ദൈവപിതാവിന്റെ ഇഷ്ടത്തിന് വിട്ടുകൊടുക്കപ്പെട്ട ജീവിതമായപ്പോഴാണ് യേശുവിന്റെ കാൽവരിയിലെ കുരിശുയാഗം മാനവലോകത്തിന് രക്ഷയായി ഭവിച്ചത്. മനുഷ്യകുലത്തിന് ലഭിച്ച ഏറ്റവും വലിയ അനുഗ്രഹമാണ് കുരിശുമരണത്തിലൂടെ യേശുക്രിസ്തു നമുക്ക് നൽകിയ രക്ഷ. യേശുവിന്റെ കുരിശുമരണം മഹത്വപൂർണ്ണമായ പുനരുത്ഥാനത്തിലേക്കും പുതുജീവിതത്തിലേക്കും നമ്മെ നയിച്ചു. പ്രിയപ്പെട്ടവരെ, നമ്മുടെ രക്ഷക്കുവേണ്ടി കുരിശിൽ മരിച്ച യേശുവിനെ ധ്യാനിക്കുവാനും അവിടുത്തെ പൂർണ്ണമായി സ്വീകരിക്കുവാനും അതുവഴി പാപത്തോടു വിടപറഞ്ഞ് ആത്മവിശുദ്ധീകരണത്തിന്റെ പുതുജീവിതത്തിലേക്ക് പ്രവേശിക്കുവാനും ഈ നോമ്പുകാലം നമ്മെ സഹായിക്കും.

മാർച്ച് 19ന് യേശുവിന്റെ വളർത്തുപിതാവും തിരുകുടുംബത്തിന്റെ തലവനും സാർവത്രിക സഭയുടെ മദ്ധ്യസ്ഥനുമായ

**ഉൾക്കാഴ്ച**

# പ്രകാശത്തിൽ സഞ്ചരിക്കുവാൻ....



**ഫാ. സിന്റോ മാടവന**

ഒരിക്കൽ മദർ തെരേസ കൽക്കട്ടായിലെ തെരുവീഥിയിലൂടെ പോവുകയായിരുന്നു. ഒരു വഴിയരികിൽ കുട്ടികൾ ആരെയോ കല്ലെടുത്ത് എറിയുന്നതു മദർ കണ്ടു. ശരീരം മുഴുവൻ വൃണമായി ദുർഗന്ധം വമിക്കുന്ന ഒരു മനുഷ്യനെ അവർ കല്ലെറിഞ്ഞു ഓടിക്കുകയായിരുന്നു. മദർ തെരേസ ആ മനുഷ്യന്റെ അടുത്തെത്തി അയാളെ വണ്ടിയിൽ കയറ്റി സ്വന്തം ഭവനത്തിലേക്കു കൊണ്ടുവന്നു. ആ മനുഷ്യൻ അപ്പോഴും അസഭ്യം പറഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. അയാൾക്ക് എല്ലാറ്റിനോടും വെറുപ്പായിരുന്നു. മദർ ഒന്നും ഗൗനിച്ചില്ല. സ്വയം അയാളുടെ വൃണങ്ങൾ കഴുകി മരുന്നു വെച്ചുകെട്ടി അയാളെ പരിചരിച്ചു. ഒരു ദിവസം അയാൾ മദറിനോടു ചോദിച്ചു. ''ഞാനിത്രയും അസഭ്യവാക്കുകൾ പറഞ്ഞിട്ടും നിങ്ങൾ മാത്രം എന്തുകൊണ്ടാണ് എന്നോട് ദയാപൂർവ്വം പെരുമാറുന്നത്?''. മദർ പറഞ്ഞു. ''ഞാൻ സ്നേഹിക്കുന്ന ഒരു വ്യക്തിയുണ്ട്, ദൈവപുത്രനായ ക്രിസ്തു. അദ്ദേഹത്തിന്റെ മുഖം ഞാൻ നിങ്ങളിൽ കാണുന്നതുകൊണ്ടാണ് ഞാൻ നിങ്ങളെ സ്നേഹിക്കുന്നത്''.

ഇതുപോലെ നമുക്കും സഹോദരങ്ങളിൽ ദൈവത്തിന്റെ മുഖം കാണാം. സഹോദരങ്ങളെ സ്നേഹിക്കുന്നവൻ പ്രകാശത്തിൽ സഞ്ചരിക്കുന്നു. ''താൻ പ്രകാശത്തിലാണെന്ന് പറയുകയും അതേ സമയം തന്റെ സഹോദരനെ ദ്വേഷിക്കുകയും ചെയ്യുന്നവൻ ഇപ്പോഴും അന്ധകാരത്തിലാണ്''. (1യോഹ 2:9) സഹോദരനെ സ്നേഹിക്കുന്നവൻ പ്രകാശത്തിൽ വസിക്കുന്നു. നമുക്ക് നമ്മിൽ തന്നെ പ്രകാശം ഇല്ല. നാം പ്രകാശിക്കണമെങ്കിൽ പ്രകാശമായ മിശിഹായുടെ രശ്മികൾ നമ്മുടെ മേൽ പതിക്കണം. അങ്ങനെ കാണപ്പെടുന്ന സഹോദരനിലൂടെ കാണപ്പെടാത്ത ദൈവത്തിലേക്ക് സഞ്ചരിക്കാം.

എന്ന്, **സിന്റോച്ചൻ**

---

വി. യൗസേപ്പിതാവിന്റെ തിരുനാളാണ്. ഉണ്ണിയേശുവിനും പരിശുദ്ധ അമ്മയ്ക്കും വേണ്ടി സമർപ്പിക്കപ്പെട്ട ജീവിതം. തെറ്റിദ്ധാരണക്കിടയിലും പരിശുദ്ധ അമ്മയ്ക്ക് യാതൊരു പ്രയാസവും ഉണ്ടാകാതെ സംരക്ഷണം നൽകിയ നീതിബോധമുള്ളവനും ദൈവഹിതം തിരിച്ചറിഞ്ഞവനുമായിരുന്നു വി. യൗസേപ്പ്. നമ്മുടെ കുടുംബങ്ങളും അപ്രകാരം തിരുകുടുംബങ്ങളാകട്ടെ. ഈ നോമ്പുകാലം കുടുംബ നവീകരണത്തിനുള്ള ഒരു ഉത്തമ സന്ദർഭമാകട്ടെ.

വിശുദ്ധ കുരിശിന്റെ സംരക്ഷണയിൽ, യേശുവിൽ സ്നേഹപൂർവ്വം

**ഫാ. ജോസ് മാളിയേക്കൽ, വികാരി & റെക്ടർ**



# മനുഷ്യരെ നേടുന്ന മുക്കുവന്മാർ



ഫാ. ജോൺസൺ തളിയത്ത്
സി.എം.ഐ.
മഡഗാസ്കർ

യേശു അവരോടു പറഞ്ഞു. "എന്നെ അനുഗമിക്കുവിൻ. ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം".
(മത്താ. 4:19)

മക്കളെകുറിച്ച് ആധിയുള്ള മാതാപിതാക്കൾ സാധാരണമാണ്. ഒരിക്കൽ പതിവുപോലെ വൈകീട്ട് അഞ്ചരക്ക് നമ്മുടെ സ്കൂൾ വിട്ടപ്പോൾ, വീടുകളിലേക്ക് മടങ്ങി പോകുന്ന കുട്ടികളുടെ കൂടെ ഞാനും നടക്കാനിറങ്ങി. ഒരു കൂട്ടം കൊച്ചുകുട്ടികൾ എന്റെ ചുറ്റും തിക്കിത്തിരക്കി നടന്നു. പോകുംതോറും അവരുടെ എണ്ണം കുറഞ്ഞുകൊണ്ടിരുന്നു. താന്താങ്ങളുടെ തിരിവുകളിലെത്തിയപ്പോൾ അവർ യാത്ര പറഞ്ഞുപോയി. ഏകദേശം ഒരു കിലോമീറ്റർ നടന്നപ്പോഴേക്കും ഏതാനും കുട്ടികളും ഞാനും അവശേഷിച്ചു. അവരുടെ വീടുവരെ അവരെ ഞാൻ അകമ്പടി സേവിച്ചു. അവസാനം തിരിച്ചു പോരാനൊരുങ്ങിയപ്പോൾ എന്റെ വിരൽത്തുമ്പത്ത് ആറു വയസ്സു വരുന്ന ഒരു കൊച്ചുകുട്ടി അപ്പോഴും പിടിവിടാതെ നടക്കുന്നു. നേരം ഇരുട്ടിത്തുടങ്ങി. "നീയെന്താ വീട്ടിലേക്കു പോകുന്നില്ലേ"? ഞാൻ ചോദിച്ചു. അവൻ പറഞ്ഞ മറുപടി എന്നെ ചെറുതായൊന്നു ഞെട്ടിച്ചു. തന്റെ കൊച്ചുകൈ അകലേക്ക് ചൂണ്ടിക്കാണിച്ച് അവൻ പറഞ്ഞത് ഗ്രാമത്തിന്റെ വിപരീതദിശയിലേക്ക് പോകണമെന്നാണ്. അവനേയും കൂട്ടി ഞാൻ തിരിച്ചു നടന്നു.

വീണ്ടും ഞങ്ങൾ പള്ളിയോടടുത്തു. അവൻ കാണിച്ച വഴിയിലൂടെ, നടന്ന് അവന്റെ വീട്ടിൽ ഞങ്ങളെത്തിച്ചേർന്നു. എനിക്കു പരിചയമുള്ള അവന്റെ ചേട്ടൻ അവിടെയുണ്ട്. അവനും തുടക്കത്തിൽ ഞങ്ങളുടെ കൂടെയുണ്ടായിരുന്നു. വീടെത്താറായപ്പോൾ അവൻ പിരിഞ്ഞു പോയെങ്കിലും അവന്റെ കുഞ്ഞനിയൻ യാതൊരു സങ്കോചവുമില്ലാതെ എന്റെ പിന്നാലെ വന്നതാണ്. എന്നെ അത്ഭുതപ്പെടുത്തിയത്, ഇരുട്ടായിത്തുടങ്ങിയിട്ടും അവന്റെ മാതാപിതാക്കൾക്ക് യാതൊരു ആശങ്കകളും ഉണ്ടായിരുന്നില്ല എന്നതാണ്. അച്ചന്മാരിലുള്ള വിശ്വാസം മൂലമോ, അതോ തങ്ങളുടെ മക്കൾ വഴിതെറ്റിപ്പോകില്ലെന്ന വിശ്വാസം മൂലമോ? വലിയവരായാലും ചെറിയവരായാലും നമ്മിൽ ആരെങ്കിലും വിശ്വാസം അർപ്പിക്കുന്നത് നമുക്ക് സന്തോഷജനകം തന്നെയാണ്.

**അന്ധനും മണ്ണെണ്ണ വിളക്കും**

ഇടക്ക് സഹായം ചോദിച്ചു വരുന്ന ആ അന്ധൻ അന്നും പതിവുപോലെ വന്നു എന്നെ അഭിവാദനം ചെയ്തു; തിരിച്ചു ഞാനും! അദ്ദേഹം പറഞ്ഞു. "എനിക്കു കുറച്ചു പൈസ വേണം". അരിയോ മറ്റു ഭക്ഷണ സാധനങ്ങളോ

ആണ് കൊടുക്കാറുള്ളത്. പൈസ എന്തിനാണെന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, കുറച്ചു മണ്ണെണ്ണ വാങ്ങാനാണെന്ന്. ഇപ്പോഴെന്തിനാണ് മണ്ണെണ്ണ വാങ്ങുന്നത് എന്ന ചോദ്യത്തിന് അദ്ദേഹം പറഞ്ഞ ഉത്തരം കേട്ട് ഞാൻ മനസ്സിൽ ചിരിച്ചു. കാരണം മണ്ണെണ്ണ വാങ്ങുന്നത് രാത്രിയിൽ വിളക്കു തെളിയിക്കാനാണെന്നാണ് മറുപടി.

പണ്ട് കേട്ടൊരു കഥയുണ്ട്, രാത്രിയിൽ പലരുമായും കൂട്ടിയിടിക്കുന്ന ഒരന്ധന്റെ കൈയിൽ വിളക്കു പിടിപ്പിച്ച കഥ. വിളക്ക് കണ്ടു മറ്റുള്ളവർ അന്ധന് വഴിമാറി കൊടുക്കാനാണ് ആ വിദ്യ ഉപകരിച്ചത്. ഈ കഥ മനസ്സിലുണ്ടെങ്കിലും ഞാൻ അദ്ദേഹത്തിനോട് വിശദീകരണം ചോദിച്ചു. അദ്ദേഹം പറഞ്ഞു: "വിളക്കു എനിക്കു വേണ്ടിയല്ല, വീട്ടിൽ കാഴ്ചയ്ക്ക് കുഴപ്പമില്ലാത്ത ഭാര്യക്കും മക്കൾക്കും വേണ്ടിയാണ്". നോക്കണേ... തനിക്കു നിഷേധിക്കപ്പെട്ട വെളിച്ചം മറ്റുള്ളവർക്ക് കൊടുക്കാനായി, ത്യാഗം ഏറ്റെടുക്കുന്നവർ നമ്മുടെ ചുറ്റിലുമില്ലെ? അവരെ സഹായിച്ചില്ലെങ്കിലും പരിഹസിക്കാതിരിക്കുവാൻ നമുക്കു ശ്രദ്ധിക്കാം, ശ്രമിക്കാം. (തുടരും)

# പുതുക്കിയ താരിഫ് നിരക്കുകൾ

പ്രിയമുള്ളവരെ,

ഹോളിവോയ്സിന്റെ പ്രിന്റിംഗ് ചാർജ് മാർച്ച് 1 മുതൽ വർദ്ധിക്കുകയാണ്. നിലവിലുള്ള പരസ്യ നിരക്കുകൾ വെച്ച് ഹോളിവോയ്സ് പ്രസിദ്ധീകരിച്ചാൽ സാമ്പത്തികബാധ്യത ഉണ്ടാകും. അതുകൊണ്ട് ഏപ്രിൽ 1 മുതൽ ഹോളിവോയ്സിന്റെ പരസ്യ നിരക്കിൽ ചെറിയൊരു വർദ്ധനവ് വരുത്തുവാൻ ഹോളിവോയ്സ് കമ്മിറ്റി തീരുമാനിച്ചിരിക്കുകയാണ്.

**പുതുക്കിയ നിരക്കുകൾ താഴെച്ചേർക്കുന്നു.**

| | | | |
|---|---|---|---|
| **മൾട്ടികളർ -** | **ബാക്ക് പേജ്** | - | **2000/-** |
| " | **ഫ്രന്റ് ഇന്നർ പേജ്** | - | **1700/-** |
| " | **ബാക്ക് ഇന്നർ പേജ്** | - | **1500/-** |
| " | **സെന്റർ പേജ്** | - | **1400/-** |
| " | **ഇന്നർ പേജ്** | - | **1300/-** |
| " | **ഇന്നർ ഹാഫ് പേജ്** | - | **800/-** |
| **ബ്ലാക്ക് & വൈറ്റ് ഫുൾ പേജ്** | | - | **600/-** |
| **ബ്ലാക്ക് & വൈറ്റ് ഹാഫ് പേജ്** | | - | **350/-** |
| **ഉപകാരസ്മരണ** | | - | **200/-** |

**നിങ്ങളേവരുടേയും സഹകരണം പ്രത്യേകം അഭ്യർത്ഥിക്കുന്നു.**

സ്നേഹാദരങ്ങളോടെ

**ഫാ. ജോസ് മാളിയേക്കൽ (മാനേജിംഗ് എഡിറ്റർ)**

**ബാലപംക്തി**



# Yes, You Can

**ക്രിസ്റ്റിപോളി ആഴ്ചങ്ങാടൻ**

അമേരിക്കയിലെ കാൻസാസിലെ ഒരു ഇടത്തരം കുടുംബത്തിലാണ് ഗ്ലെൻ കണ്ണിംഗ്ഹാം ജനിച്ചത്. പഠനത്തിലും കായികരംഗത്തും മിടുക്കനായിരുന്നു ഗ്ലെൻ. അവന് എട്ട് വയസ്സ് പ്രായമുള്ളപ്പോൾ സ്കൂളിലുണ്ടായ തീപിടിത്തത്തിൽ അവന്റെ കാലുകൾക്ക് മാരകമായ പൊള്ളലേറ്റു. സ്കൂൾ അധികൃതർ ഉടൻതന്നെ അവനെ ആശുപത്രിയിലെത്തിച്ചെങ്കിലും ഗ്ലെന്നിന് ഇനി നടക്കാനാവില്ലെന്നും പൂർവ്വസ്ഥിതിയിലെത്തുക ബുദ്ധിമുട്ടാണെന്നും ഡോക്ടർമാർ വിധിയെഴുതി. കാലുകൾ മുറിച്ച് മാറ്റണമെന്ന് ഡോക്ടർമാർ നിർദ്ദേശിച്ചെങ്കിലും അടിയുറച്ച ദൈവവിശ്വാസികളായ ഗ്ലെന്നിന്റെ മാതാപിതാക്കൾ അതിന് വഴങ്ങിയില്ല. വിശ്വാസത്തോടെയുള്ള അവരുടെ പ്രാർത്ഥനയ്ക്ക് ഫലമുണ്ടായി. രണ്ടുവർഷം കഴിഞ്ഞപ്പോഴേക്കും ഗ്ലെൻ പതിയെ നടക്കാൻ തുടങ്ങി. പിന്നീട് ഒരു കുതിപ്പായിരുന്നു. ദീർഘദൂര ഓട്ടക്കാരനായി മാറിയ ഗ്ലെൻ 1932ലും 1936ലും ഒളിമ്പിക്സിൽ പങ്കെടുത്ത് തന്റെ പേരിൽ റിക്കാർഡ് കുറിച്ചു. ഗ്ലെന്നിന്റെ ജീവിതം നമുക്കൊരു പാഠമാണ്. പ്രതിസന്ധികളെയും വെല്ലുവിളികളെയും വിശ്വാസത്തോടെ എങ്ങനെ തരണം ചെയ്യണമെന്ന് ഗ്ലെന്നിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നുണ്ട്.

ഒരിക്കൽ കടുത്ത വൈകാരിക സമ്മർദ്ദത്തിലായിരുന്ന അമേരിക്കൻ പ്രസിഡണ്ട് എബ്രാഹം ലിങ്കനെ സുഹൃത്ത് ആശ്വസിപ്പിച്ചു; "ഉത്കണ്ഠപ്പെടാതിരിക്കൂ, ദൈവം നമ്മോടുകൂടെയുണ്ട്". "അതിൽ സംശയമേയില്ല.... എന്നാൽ നാം ദൈവത്തിന്റെ പക്ഷത്താണോ എന്നതാണ് പ്രശ്നം" - എന്നായിരുന്നു ലിങ്കന്റെ മറുപടി. ലക്ഷ്യബോധം, കഠിനാദ്ധ്വാനം, പ്രത്യാശ എന്നീ ത്രിസ്തംഭങ്ങൾക്കൊപ്പം ദൈവവിശ്വാസമെന്ന നെടുംതൂണ് നമുക്ക് കൈമുതലായുണ്ടെങ്കിൽ ഏത് സാഹചര്യത്തിലും നേട്ടങ്ങൾ കൊയ്തെടുക്കാൻ സാധിക്കും. "പ്രതിഭകളെ കുറിച്ച് എനിക്കറിയാവുന്ന ഏകകാര്യം കഠിനാദ്ധ്വാനമാണെന്ന" ഹാമിൽട്ടന്റെ വാക്കുകൾ ഗ്ലെന്നിനെ സംബന്ധിച്ചിടത്തോളം എത്രയോ അനുയോജ്യമാണ്.

ഓർക്കുക, ജീവിതം പരിശ്രമിക്കാനും വിജയിക്കാനുമുള്ളതാണ്. ആഗതമാകുന്ന പരീക്ഷക്ക് നന്നായി തയ്യാറെടുക്കാം. ജീവിതത്തിലെ കൊച്ചു കൊച്ചു വേദനകളെ ഈശോയോട് ചേർത്ത് വെയ്ക്കാം. ദൈവപദ്ധതിക്കനുസൃതമായി ജീവിതം ക്രമപ്പെടുത്തുമ്പോൾ വിജയം സുനിശ്ചിതമായിരിക്കും.

## മരണം

| പേര് | തിയതി | യൂണിറ്റ് |
|---|---|---|
| ചിറ്റിലപ്പിള്ളി തൊമ്മാന പോൾ ഭാര്യ റോസി | 13-02-2015 | സെന്റ്ജോൺ II |

# വിശുദ്ധരുടെ ജീവിതത്തിലൂടെ...



## വി.അഗസ്റ്റിൻ

സി. ഡെൽസ മരിയ FCC,
മാപ്രാണം



കത്തോലിക്കസഭാ നഭോമണ്ഡലത്തിൽ ഉജ്ജ്വലതാരമായി വിളങ്ങുന്ന വി.അഗസ്റ്റിൻ, കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ ഭരണ കാലത്ത് ആഫ്രിക്കയിലെ തഗാസ്തേ എന്ന പട്ടണത്തിൽ എ.ഡി. 354ൽ ഭൂജാതനായി.

അഗസ്റ്റിന്റെ പിതാവായ പട്രീഷ്യസ് ക്രൂരസ്വഭാവത്തോടു കൂടിയ ഒരു കരം പിരിവുകാരനും അക്രൈസ്തവനുമായിരുന്നു. എന്നാൽ മാതാവായ മോനിക്കാ ഉത്തമ കത്തോലിക്കജീവിതം നയിച്ചിരുന്ന ഒരു മഹിളാരത്നമായിരുന്നു. ഭർത്താവിന്റെ മാനസാന്തരത്തിനായി നിരന്തരം അവൾ യത്നിച്ചുകൊണ്ടിരുന്നു. ഭക്തയായ മോനിക്കാ, അഗസ്റ്റിനെ വളരെ ചെറുപ്പം മുതൽക്കേ വിശുദ്ധിയിലും ദൈവസ്നേഹത്തിലും വളർത്തുന്നതിന് പരിശ്രമിച്ചിരുന്നു. എന്നാൽ ചെറുപ്പത്തിൽ ദൈവത്തിനിഷ്ടമില്ലാത്ത പ്രവൃത്തികളിലും അസത്യവചനങ്ങളിലും മുഴുകി മാതാപിതാക്കളെ വഞ്ചിക്കുകയായിരുന്നു അഗസ്റ്റിൻ.

പ്രായമായപ്പോൾ സ്വദേശത്തുള്ള പാഠശാലയിൽ പഠനം ആരംഭിച്ചു. അനിതരസാധാരണമായ ബുദ്ധിസാമർത്ഥ്യം ഉണ്ടായിരുന്നതിനാൽ വിദേശത്ത് പഠനത്തിനായി അയക്കപ്പെട്ടു. എന്നാൽ പട്ടണത്തിലെ ജീവിതം അസന്മാർഗികതയിൽ ജീവിക്കുവാൻ അഗസ്റ്റിന് പ്രേരകമായി. ഒരു സ്ത്രീയുമായുള്ള അവിഹിത ബന്ധത്തിൽ അഗസ്റ്റിന് ഒരു കുഞ്ഞു ജനിക്കുകയും മാനിക്കീയൻ പാഷണ്ഡതയുടെ വലയിൽ കുടുങ്ങുകയും ചെയ്തു. എല്ലാവിധത്തിലും അധ:പതിച്ച ഒരു ജീവിതം. എന്നാൽ മോനിക്ക മകന്റെ മാനസാന്ത രത്തിനായി മനമുരുകി കണ്ണീരോടെ നിരന്തരം പ്രാർത്ഥിച്ചു. ഒരിക്കൽ ഒരു മെത്രാന്റെ പക്കൽ ചെന്ന് അഗസ്റ്റിന് സദുപദേശങ്ങൾ പകർന്ന് കൊടുക്കണ മെന്ന് കണ്ണീരൊഴുക്കിക്കൊണ്ട് അവൾ അപേക്ഷിച്ചു. "ഇത്രയധികം കണ്ണീരിന്റെ പുത്രൻ ഒരിക്കലും നശിക്കുകയില്ല" എന്ന് പറഞ്ഞു മെത്രാൻ മോനിക്കയെ സമാധാനിപ്പിച്ചു.

മാനിക്കീയൻ പാഷണ്ഡതയിൽ മുഴുകി പാപങ്ങളിൽ രമിച്ച് ജീവിച്ചിരുന്ന അഗസ്റ്റിനെ അമ്മ മോനിക്ക പുണ്യവതിയുടെ പ്രാർത്ഥനകളും വി. അംബ്രോസിന്റെ പ്രസംഗങ്ങളും വി. പൗലോസിന്റെ ലേഖനങ്ങളും,

# സഭാവാർത്തകൾ

**സി. ഡെൽസ മരിയ FCC, മാപ്രാണം**

**ക്രൈസ്തവ സന്നദ്ധ പ്രവർത്തകനെ ചൈന തടഞ്ഞു വച്ചു: ബെയ്ജിംഗ്**
ഉത്തര കൊറിയൻ അതിർത്തിയിൽ സന്നദ്ധ പ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്ന ക്രൈസ്തവ യുവാവിനെ ചൈന തടഞ്ഞു വച്ചു. ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി അടിച്ചമർത്തലിന്റെ ഭാഗമാണിതെന്ന് മനുഷ്യാവകാശ സംഘടനകൾ ആരോപിച്ചു. ഏതാനും മാസങ്ങൾക്ക് മുമ്പാണ് ഉത്തരകൊറിയൻ അതിർത്തിയിൽ, സന്നദ്ധപ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്ന കനേഡിയൻ ക്രൈസ്തവ ദമ്പതികൾക്കെതിരെ ചൈന ചാരവൃത്തി ആരോപിച്ചത്.

**യൂറോപ്പിന്റെ സമാധാനത്തിനായി സ്ട്രാസ്ബെർഗ് :** സംഘർഷങ്ങളെ അതിജീവിക്കുവാൻ സാഹോദര്യവും പരസ്പരസേവനത്തിന്റെ ചൈതന്യവും ആവശ്യമാണെന്ന് ഫ്രാൻസീസ് മാർപാപ്പ. സമാധാനം നേടിയെടുക്കുന്നതിന് സംഘർഷങ്ങളുടെ സംസ്കാരത്തേയും മറ്റുള്ളവരെ കുറിച്ചുള്ള ഭീതിയേയും പുത്താക്കി സഹോദരങ്ങളെപ്പോലെ കഴിയണമെന്ന് പാപ്പ ഉദ്ബോധിപ്പിച്ചു.

**ആദ്യ മംഗോളിയൻ ഡീക്കൻ അഭിഷക്തനായി: ബാതാർ**
രാജ്യത്ത് സഭ പുനഃസ്ഥാപിതമായി 22 വർഷത്തിനുശേഷം നടക്കുന്ന തദ്ദേശീയനായ ആദ്യ ഡീക്കന്റെ അഭിഷേകം, മംഗോളിയയിൽ ക്രൈസ്തവ സമൂഹത്തിന് അമൂല്യമായ സമ്മാനമാണെന്ന് മിഷനറിയായ ഫാ. ഏണസ്റ്റോ വിസ്കാർഡി. 1000 ക്രൈസ്തവരാണ് മംഗോളിയയിൽ ഉള്ളത്

**ലാറ്റിൻ അമേരിക്കയിൽ വിശ്വാസികൾ കുറയുന്നു: മെക്സിക്കോ സിറ്റി**
കഴിഞ്ഞ ഒരു നൂറ്റാണ്ടിനിടയിൽ ലാറ്റിൻ അമേരിക്കയിലെ കത്തോലിക്കരുടെ എണ്ണത്തിൽ ക്രമാതീതമായ കുറവെന്ന് സർവ്വേ റിപ്പോർട്ട്. 90%ത്തിലധികം കത്തോലിക്കാ വിശ്വാസികളുണ്ടായിരുന്ന ലാറ്റിൻ അമേരിക്കയിൽ ഇപ്പോഴുള്ളത് 69% പേർ. 19%പേർ പ്രൊട്ടസ്റ്റന്റ് വിശ്വാസികളും 8%പേർ ഒരു മതത്തിലും വിശ്വസിക്കാത്തവരുമാണ്.

---

**വിശുദ്ധരുടെ ജീവിതത്തിലൂടെ** (തുടർച്ച)
പശ്ചാത്താപത്തിലേക്കും മാനസിക പരിവർത്തനത്തിലേക്കും നയിച്ചു. തുടർന്ന് 33-ാമത്തെ വയസ്സിൽ ക്രിസ്തുമതം സ്വീകരിച്ച അഗസ്റ്റിൻ 36-ാമത്തെ വയസ്സിൽ പൗരോഹിത്യത്തിലേക്കും 41-ാമത്തെ വയസ്സിൽ മെത്രാൻ സ്ഥാനത്തേക്കും ആനയിക്കപ്പെട്ടു.

103 പുസ്തകങ്ങൾ അദ്ദേഹം എഴുതി. വി. അഗസ്റ്റിൻ ദൈവശാസ്ത്രജ്ഞന്മാരുടെ ദൈവശാസ്ത്രജ്ഞനും വേദപാരംഗതന്മാരുടെ വേദപാരംഗതനുമാണ്. മാനിക്കീയിസം, ഡൊണാറ്റിസം, പെലാജിയനിസം എന്നീ പാഷണ്ഡതകളെ അദ്ദേഹം വിജയപൂർവ്വം എതിർത്തു. എല്ലാറ്റിലുമുപരി അദ്ദേഹം വിശുദ്ധരിൽ വിജ്ഞനും വിജ്ഞരിൽ വച്ച് വിശുദ്ധനുമാണ്. 430 ആഗസ്റ്റ് 28ന് അദ്ദേഹം നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.



# ജാലകത്തിലൂടെ...

ജെസ്റ്റിൻ ജോസ് എം.

മനുഷ്യാവകാശകമ്മീഷന്റെ അധികാരങ്ങളെയും ഉത്തരവാദിത്വങ്ങളെയും കുറിച്ചാണ് ഈ ലക്കത്തിൽ പ്രതിപാദിയ്ക്കുന്നത്. പ്രാഥമികമായി മനുഷ്യാവകാശ ലംഘനം സംബന്ധിച്ചോ, അത്തരം സംഭവം ഒഴിവാക്കുന്നതിലെ ഉപേക്ഷ സംബന്ധിച്ചോ, പ്രസ്തുത കൃത്യത്തിന് വിധേയനായ വ്യക്തിയോ വിഭാഗമോ നൽകുന്ന പരാതിയിന്മേലോ, അത് സംബന്ധിയ്ക്കുന്ന വിവരത്തിന്മേൽ നേരിട്ട് അന്വേഷണം നടത്തുക മനുഷ്യാവകാശകമ്മീഷനാണ്. അതുപോലെ മനുഷ്യാവകാശ ലംഘനം സംബന്ധിച്ച കോടതി നടപടികളിൽ കക്ഷിചേരുക, ജയിലുകൾ, സംരക്ഷണാലയങ്ങൾ, പുനരധിവാസ കേന്ദ്രങ്ങൾ, ചികിൽസാലയങ്ങൾ മുതലായവ സന്ദർശിക്കുകയും പരിഷ്കരണ നിർദ്ദേശങ്ങൾ സമർപ്പിക്കുകയും അവിടങ്ങളിൽ അന്തേവാസികളുടെ ക്ഷേമം ഉറപ്പിക്കുകയും ചെയ്യുക, ഭരണഘടനാപരവും നിയമപരവുമായ നിലവിലുള്ള മനുഷ്യാവകാശ പരിരക്ഷാ സംവിധാനങ്ങളുടെ നിർവ്വഹണവും ഫലപ്രാപ്തിയും വിലയിരുത്തി യുക്തമായ നിർദ്ദേശങ്ങൾ ലഭ്യമാക്കുക, മനുഷ്യാവകാശ ധ്വംസനങ്ങൾ, അതിക്രമങ്ങൾ, ഭീകരപ്രവർത്തനങ്ങൾ മുതലായവ സംബന്ധിച്ച് നിരീക്ഷണം നടത്തി പരിഹാരങ്ങൾ നിർദ്ദേശിക്കുക, മനുഷ്യാവകാശം സംബന്ധിച്ച അന്തർദ്ദേശീയ കരാറുകൾ, പ്രഖ്യാപനങ്ങൾ മുതലായവ വിശകലനം ചെയ്ത് പ്രായോഗിക നടപടികൾ നിർദ്ദേശിക്കുക, മനുഷ്യാവകാശം സംബന്ധിച്ച് ഗവേഷണ പഠനങ്ങൾ പ്രോത്സാഹിപ്പിയ്ക്കുകയും ഏറ്റെടുക്കുകയും ചെയ്യുക മുതലായവയാണ് കമ്മീഷന്റെ പ്രധാന പ്രവർത്തനങ്ങൾ.

കമ്മീഷന്റെ നടപടി ക്രമങ്ങൾക്ക് 1908 ലെ സിവിൽ നടപടി നിയമം അനുശാസിയ്ക്കുന്നതും ഒരു സിവിൽ കോടതിക്കുള്ളതുമായ എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കും. കക്ഷികളേയും സാക്ഷികളേയും വിളിച്ചുവരുത്തുക, പ്രതിജ്ഞ ചൊല്ലി മൊഴിയെടുക്കുക, രേഖകൾ ആവശ്യപ്പെടുകയും പരിശോധിയ്ക്കുകയും ചെയ്യുക, നേരിട്ടോ പ്രതിനിധികൾ മുഖേനയോ തെളിവെടുക്കുക, ഇതര കോടതികളിൽ നിന്നോ ഓഫീസുകളിൽനിന്നോ പൊതുരേഖകൾ ആവശ്യപ്പെടുക എന്നീ കാര്യങ്ങളൊക്കെ കമ്മീഷന്റെ അധികാരപരിധിയിൽ വരുന്നതാണ്.

ഹൈക്കോടതിയിൽ ചീഫ് ജസ്റ്റീസ് പദവി വഹിച്ചിരുന്ന ആളായിരിയ്ക്കണം സംസ്ഥാന മനുഷ്യാവകാശകമ്മീഷന്റെ ചെയർമാൻ. കേരളത്തിലെ കമ്മീഷന് നിലവിൽ ചെയർമാനെ കൂടാതെ 2 അംഗങ്ങൾ കൂടിയുണ്ട്. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ അതേ അധികാരങ്ങൾ തന്നെയാണ് സംസ്ഥാന കമ്മീഷനുകൾക്കും ഉള്ളത്.

സാക്ഷ്യം

# ഗദ്സെമൻ തോട്ടത്തിൽ പ്രാർത്ഥിക്കുന്ന ക്രിസ്തുരൂപത്തിനു മുന്നിൽ വന്നു പ്രാർത്ഥിച്ചപ്പോൾ....



എന്റെ പേര് ആന്റണി. പ്ലസ്ടുവിന് പഠിക്കുന്നു. എന്റെ ഇടതുകാലിനടിയിൽ കഴിഞ്ഞ ഡിസംബർ മാസം മുതൽ ഒരു തടിപ്പ് കണ്ടുവന്നു. ജനുവരിയായപ്പോഴേയ്ക്കും നടക്കാൻ ബുദ്ധിമുട്ടാകുംവിധം വേദന അനുഭവപ്പെട്ടു തുടങ്ങി. അങ്ങനെ ജനുവരി 19 ന് മെറീന ഹോസ്പിറ്റലിൽ പോയി ഡോക്ടറെ കാണുകയും തുടർന്ന് എക്സിഷൻ ചെയ്ത് അത് എടുത്തുമാറ്റുകയും ചെയ്തു. എന്നാൽ സ്റ്റിച്ച് വെട്ടാൻ ചെന്നപ്പോൾ മുറിവ് പഴുത്തിരിക്കുന്നതായി കാണപ്പെട്ടു. രണ്ടു ദിവസം കൂടി കഴിഞ്ഞ് സ്റ്റിച്ച് എടുത്തെങ്കിലും പഴുപ്പ് മാറിയില്ല. കാല് നിലത്തുകുത്താൻ സാധിക്കാത്തവിധം വേദന കാലിൽ വ്യാപിച്ചു.

ആ അവസരത്തിൽ മാപ്രാണം ഹോളിക്രോസ് തീർത്ഥാടന ദൈവാലയത്തിൽ നടന്ന അത്ഭുതം നേരിൽ കാണാനുള്ള അതിയായ ആഗ്രഹം എന്നിലുണ്ടായി. അതിനാൽ വേദന സഹിച്ച് മറ്റുള്ളവരുടെ സഹായത്തോടെ പള്ളിയിൽ വന്ന് രൂപത്തിന്റെ മുന്നിൽ ഒറ്റക്കാലിൽ നിന്നുകൊണ്ട് പ്രാർത്ഥിച്ച് വീട്ടിലേക്ക് തിരിച്ചുപോയി. പിറ്റേന്ന് രാവിലെ കരുണാമയനായ എന്റെ കർത്താവ് എന്നെ ഉണർത്തിയത് അവിശ്വസനീയമായ മറ്റൊരത്ഭുതം എന്റെ ശരീരത്തിൽ പ്രവർത്തിച്ചുകൊണ്ടാണ്. എന്റെ കാലിന്റെ വേദന പൂർണ്ണമായും മാറിയിരിക്കുന്നു. എനിക്ക് പൂർണ്ണസൗഖ്യം തന്ന് എന്നെ അനുഗ്രഹിച്ച എന്റെ കർത്താവിന് ഒരായിരം നന്ദി.

എന്ന്, അങ്ങയുടെ ദാസൻ

**ആന്റണി സെബാസ്റ്റ്യൻ ഫ്രാൻസീസ്**

ചാരങ്കാട്ട് ഹൗസ്, ആസാദ് റോഡ്, ഇരിങ്ങാലക്കുട

---

## പ്രത്യേക ശ്രദ്ധയ്ക്ക്

ഹോളിവോയ്സിന്റെ ഉള്ളടക്കം കൂടുതൽ വൈവിധ്യമുള്ളതാക്കുക എന്ന ലക്ഷ്യത്തോടെ പ്രവാസികളായ ഇടവകാംഗങ്ങളിൽ നിന്നുള്ള രചനകൾ ക്ഷണിക്കുന്നു. ഉൽകൃഷ്ടങ്ങളായ ചിന്തകളിലേക്ക് നയിക്കുന്ന അനുഭവങ്ങളും വിശേഷങ്ങളുമായിരിക്കണം ഉള്ളടക്കം. അതുപോലെ ഇടവകാംഗങ്ങളിൽ നിന്നുള്ള പാചകക്കുറിപ്പുകളും ക്ഷണിക്കുന്നു. രചയിതാക്കളുടെ ഫോട്ടോയും, ഫോൺ നമ്പറും ഉണ്ടായിരിക്കണം. സ്ഥലത്തിന്റെ ലഭ്യത അനുസരിച്ച് നിങ്ങളുടെ സൃഷ്ടികൾ ഹോളിവോയ്സിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**എഡിറ്റർ**

# നിങ്ങൾക്കറിയാമോ?



ബീന തോമസ് ചേറേങ്ങാടൻ

ഇലക്ട്രിക് ഷോക്ക് കിട്ടുന്നതെന്തുകൊണ്ടാണെന്ന് നിങ്ങൾക്കറിയാമോ? മനുഷ്യശരീരത്തിലെ പേശികൾക്ക് വൈദ്യുതി കടത്തി വിടാനുള്ള കഴിവുണ്ട്. എന്ന് മാത്രമല്ല, ശരീരത്തിലെ ജീവനുള്ള മിക്കവാറും എല്ലാ കോശങ്ങളിലും വൈദ്യുതിയുണ്ട്. ഹൃദയം സ്പന്ദിക്കണമെങ്കിലും ശ്വാസോച്ഛ്വാസം ചെയ്യണമെങ്കിലും കണ്ണുകൊണ്ട് കാണണമെങ്കിലും ചെവികൊണ്ട് കേൾക്കണമെങ്കിലും പേശികൾ പ്രവർത്തിക്കണമെങ്കിലും പുസ്തകം വായിക്കണമെങ്കിലും ഒക്കെ ഈ വൈദ്യുതിയില്ലാതെ സാധ്യമല്ല. പക്ഷേ ഈ ശരീര വൈദ്യുതി നേർത്ത അളവിലാണെന്നു മാത്രം.

എന്നാൽ വളരെ പെട്ടെന്ന് ക്രമത്തിലധികം വൈദ്യുതി ശരീര ഭാഗങ്ങളിൽ കൂടി കടന്നുപോകാനിടയായാൽ അത് ശാരീരിക പ്രവർത്തനങ്ങളെ ബാധിക്കും. ഹൃദയപേശികളിലൂടെ ബാഹ്യവൈദ്യുതി കൂടിയ അളവിൽ ഒഴുകുകയാണെങ്കിൽ പേശികൾ തകർന്നുപോകാം. ഹൃദയസ്പന്ദനം നടക്കുന്നത് ഹൃദയത്തിലെ പേസ്മേക്കർ എന്ന ഒരു സംവിധാനം നൽകുന്ന സ്പന്ദനങ്ങളെ ആധാരമാക്കിയാണ്. കൃത്യമായ ഇടവേളകളിലാണ് ഈ സ്പന്ദനങ്ങൾ നൽകുക. തെറ്റായ വേളയിൽ മറ്റൊരു വൈദ്യുതി ചാട്ടമുണ്ടാകുമ്പോൾ ഹൃദയപേശികൾക്ക് അത് തെറ്റായ കൽപനയാണെന്ന് മനസ്സിലാക്കാനുള്ള മാർഗ്ഗങ്ങളൊന്നുമില്ല. സാധാരണയായി ഹൃദയത്തിലേക്ക് രക്തം ഒഴുകി മേലെ അറയിൽ നിറഞ്ഞശേഷം ഒരു വാൽവ് തുറന്ന് അത് താഴെ അറയിൽ പതിക്കുന്നു. പിന്നെ നിശ്ചിത നേരത്ത് വൈദ്യുതി സ്പന്ദനം മൂലം കീഴറ പെട്ടെന്ന് ചുരുങ്ങുമ്പോഴാണ് രക്തം പമ്പ് ചെയ്യപ്പെടുന്നത്. അപ്പോൾ തെറ്റായ നേരത്ത് ഹൃദയപേശികൾ ചുരുങ്ങി ഹൃദയത്തിന്റെ താളം തെറ്റുകയും ശ്വാസതടസ്സമുണ്ടാകുകയും മരണം വരെ സംഭവിക്കുകയും ചെയ്യാം. ചെരുപ്പിടാതെ വൈദ്യുതിവാഹികളിൽ സ്പർശിക്കാനിടയായാൽ വൈദ്യുതി ശരീരത്തിലൂടെ ഭൂമിയിലേക്ക് ഒഴുകുന്നു. ശരീരപേശികളിലൂടെ വൈദ്യുതി കടന്നുപോകുമ്പോൾ അതിനുണ്ടാകുന്ന കോച്ചലും അതിന്റെ പ്രത്യാഘാതങ്ങളുമാണ് ഷോക്ക് എന്നറിയപ്പെടുന്നത്. ഇത് ശരീരത്തിന്റെ വൈദ്യുതി കടത്തിവിടുന്ന സ്വഭാവം കൊണ്ടുണ്ടാകുന്നതാണ്. അതുകൊണ്ട് വൈദ്യുതി ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുമ്പോൾ വളരെയധികം ശ്രദ്ധയോടെ കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുക.

## ഫെബ്രുവരി ലക്കം ക്വിസ് മത്സരത്തിൽ ശരിയുത്തരം എഴുതിയവർ

(1) റീമ സിന്റോ താണിപ്പുള്ളി - സെന്റ് സെബാസ്റ്റ്യൻ (2) ഷൈജി ഡേവീസ് എരങ്ങത്തുപറമ്പിൽ - സെന്റ് ജോൺ 1 (3) സിയ റൂബിസൻ കിടങ്ങുപറമ്പിൽ - സെന്റ് മേരീസ് 2 (4) സിഖ വിൻസന്റ് ചെങ്ങാലൂക്കാരൻ - സെന്റ് ജോൺ 2

കവിത



# വളർച്ചതൻ വിളർച്ചകൾ

ജോൺ കെ.ജെ. കോമ്പാറക്കാരൻ

വളരേണ്ടെനിക്കിനി ഇരുൾവീണ ഭൂമിയിൽ
കൂരിരുൾ മൂടിയ മനസ്സുമായ്
നടക്കേണ്ടെനിക്കിനി ഈ വഴിത്താരയിൽ
തിന്മ പടർന്നൊരീ നിഴലുമായ്
ഓരോ ദിനവും കടന്നുപോകവേ
അന്യമാകുന്നു എനിക്കെന്റെ പുഞ്ചിരി
അകന്നുപോകുന്നു സ്വന്തമെൻ ബന്ധങ്ങൾ
വന്നുചേരുന്നു എന്നിലൊരായിരം ചിന്തകൾ
മറക്കുന്നു ഞാൻ സർവ്വവും എന്റെ സുഖത്തിനായ്

എന്നോ എനിക്കു നഷ്ടപ്പെട്ടുപോയ്
എന്റെ ഉള്ളിലെ സ്നേഹത്തിൻ പൂത്തിരി
വളർച്ചതൻ വിളർച്ചയിൽ പകച്ചു ഞാൻ
വീഴ്ചതൻ വാരിക്കുഴികളിൽ വീണുപോകുന്നു
സ്വാർത്ഥത നിറയുന്നു നെഞ്ചിന്റെയുള്ളിൽ
മാഞ്ഞുപോകുന്നു എൻ ഹൃദയവിശുദ്ധിയും
ഒന്നും അറിയാത്ത കുഞ്ഞിളം പൈതലായ്
എന്റെ അമ്മതൻ ഉദരത്തിനുള്ളി-
ലൊരുവട്ടം കൂടി കിടക്കുവാൻ കൊതിച്ചുപോകുന്നു ഞാൻ

വളരേണ്ടെനിക്കിനി ഇരുൾവീണ ഭൂമിയിൽ
കൂരിരുൾ മൂടിയ മനസ്സുമായ്
ഇനിയും വളരുകിൽ അറിയാമെനിക്കെന്റെ
ഉള്ളിലെ ചെറുവിളക്കും അണയുമെന്ന്
എന്റെ വഴികളിൽ ഞാൻ ഏകനായ് മാറുമെന്ന്

വളർച്ചയെന്ന പ്രപഞ്ച സത്യമേ
നീ എന്നെ പുൽകാതിരുന്നുവെങ്കിൽ
ഒന്നു തിരികെ നടക്കാൻ കഴിഞ്ഞുവെങ്കിൽ
അണയാതിരുന്നേനെ എന്നിൽ
കത്തും വെളിച്ചത്തിൻ തീജ്വാലകൾ

# "ഗുരോ സ്വസ്തി!"



**പോളി അറയ്ക്കൽ**



"യൂദാസേ, ചുംബനം കൊണ്ടോ നീ മനുഷ്യപുത്രനെ ഒറ്റിക്കൊടുക്കുന്നത്?" (ലൂക്കാ 22:48) ഗദ്സെമൻ തോട്ടത്തിലെ പുൽക്കൊടികൾ പോലും ആ നിമിഷം അവനെ ശപിച്ചിട്ടുണ്ടാകും! ഗുരുശിഷ്യബന്ധത്തേക്കാളുപരി, ആത്മാവിന്റെ ജീവനിൽ അലിഞ്ഞു ചേർന്ന് സ്നേഹിച്ച ഗുരുവിന് അവൻ വിലയിട്ടത് മുപ്പത് വെള്ളിക്കാശ്! അതിന്റെ പരിണിത ഫലം എന്തായിരിക്കുമെന്ന് അവനൊരിക്കലും ഊഹിച്ചുകാണില്ല. അവിടെ അവന്റെ സങ്കുചിതമായ, സ്വാർത്ഥത നിറഞ്ഞ മനസ്സിലെ കൂട്ടിക്കിഴിക്കലുകൾ അപ്പാടെ തെറ്റിപ്പോയി! അവനിൽ ജീവശ്വാസംപോലെ ഇഴുകിചേർന്നിരുന്ന ദ്രവ്യാർത്തിയിൽ അവനർപ്പിച്ച വഴിവിട്ട വിശ്വാസം പാടേ തകർന്നു! ഗുരുവിന്റെ സവിശേഷ സിദ്ധികളും ദൈവിക ശക്തിയും ഗുരുവിനൊപ്പമുണ്ടാകുമെന്നും അത് അവനും സുരക്ഷിത മാർഗ്ഗം തീർക്കുമെന്നും അവൻ വിശ്വസിച്ചു! അതിനവൻ കൂട്ടുപിടിച്ചത് സമ്പത്തിനോടും സുഖലോലുപതയോടുമുള്ള അതിരുകടന്ന ആസക്തി. സ്വജീവിതം സുഖകരമാക്കാൻ എളുപ്പമാർഗ്ഗങ്ങളും സഭ്യമല്ലാത്ത ഉപായങ്ങളും അവൻ കണ്ടെത്തിയിരുന്നു. പലപ്പോഴും യേശുവും സഹശിഷ്യന്മാരും അവനെ ഉപദേശിക്കാനും തിരുത്താനും ശ്രമിച്ചിരുന്നതായി കാണാം.

എന്നിരുന്നാലും അവൻ കർത്താവിനെ സ്നേഹിച്ചിരുന്നു; യേശുവിന്റെ അമ്മയേയും അതിരറ്റു സ്നേഹിച്ചിരുന്നു. അവന്റെ ഉള്ളിലും അപരനോടുള്ള സ്നേഹവും സഹതാപവും ദീനാനുകമ്പയും അരുതായ്മകൾക്കെതിരെയുള്ള ധാർമ്മിക രോഷവും മുളയെടുത്തിരുന്നു. പക്ഷെ, സ്വാർത്ഥമായ അഭീഷ്ടങ്ങളുടെ സ്വാധീനത്തിൽ സങ്കുചിത മനസ്സിന്റെ വേലിക്കെട്ടുകൾക്കിടയിൽ നിന്ന് മുക്തി നേടാൻ അവനായില്ല. അതിനവന് മനസ്സു വന്നില്ല. സമ്പത്തിന്റേയും സുഖസൗകര്യങ്ങളുടേയും അടിമയായി പോയിരുന്ന അവനെപ്രതി യേശുവും ശിഷ്യന്മാരും ഏറെ ദുഃഖിച്ചിരുന്നു. അതിനപ്പുറം, ഒരു സമയത്തും സ്വയം പരിശോധനയുടെ, അനുതാപത്തിന്റെ, തിരുത്തലുകളുടെ, അങ്ങനെ തിരിച്ചുവരവിന്റേതായ പാതയിലേക്ക് അവനെത്തിയില്ല. അതിനുമാത്രം ഈ ലോകാകർഷണീയതയുടെ തീവ്രതയിൽ അവനാണ്ടുപോയിരുന്നു.

അപൂർവ്വമായെങ്കിലും യൂദാസ് പച്ചയായൊരു മനുഷ്യനായി മാറുന്നതും കാണാം. സ്വപിതാവിനാൽ നശിപ്പിക്കപ്പെടുകയും അതിൽ ജനിച്ച കുഞ്ഞിനെ രക്ഷിക്കാൻ ശ്രമിക്കുന്നതിനിടയിൽ മരണമടയുകയും ചെയ്ത പെൺകുട്ടിക്കും കുഞ്ഞിനും അന്ത്യശുശ്രൂഷകൾ നൽകി മറവു ചെയ്ത സ്ഥലത്ത് പിന്നീട്, യേശുവും ശിഷ്യന്മാരുമെത്തി പ്രാർത്ഥിക്കുന്നതിനിടയിൽ കർത്താവിനോടു യൂദാസ് ചോദിക്കുന്നുണ്ട്. "എന്തുകൊണ്ടാണിങ്ങനെയൊക്കെ സംഭവിക്കുന്നത്?" ശോകാർദ്രനായിത്തീർന്ന യൂദാസ് ആ കുഴിമാടത്തിനു ചുറ്റും കല്ലുകൾ നിരത്തുകയും കാട്ടുപൂക്കൾ പറിച്ചു വയ്ക്കുകയും ചെയ്തു. അതിനിടയിലും അവൻ വേദനയോടെ ഉരുവിടുന്നുണ്ട്. "ഏകാന്തമായ ഈ സ്ഥലത്ത് അവൾ ഒറ്റയ്ക്കല്ലേ". അത് കേൾക്കുന്ന കർത്താവ് അവനെ സാന്ത്വനിപ്പിക്കുന്നതായും കാണാം. എല്ലാവരും പോയിട്ടും അവനവിടെ ഏറെ നേരം പ്രാർത്ഥനയിൽ മുഴുകി നിന്നു. നിറകണ്ണുകളോടെ!

സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും ഒരു പരിധിവരെ ആഗ്രഹിക്കുന്ന യൂദാസിനെയാണ് നാമിവിടെ കണ്ടത്. പക്ഷെ, അന്തമില്ലാത്ത ദ്രവ്യാസക്തിയും സുഖജീവിതവാഞ്ഛയും അവനെ പിൻതിരിപ്പിക്കുന്നു. അതിൽ നിന്നും മുക്തി നേടാൻ അവനായതുമില്ല. അതിന്റെ പരിതാപകരമായ അന്ത്യമാണ് ഗദ്സെമനിൽ കണ്ടത്. പക്ഷെ, ചെയ്തുപോയ തെറ്റിനെപ്രതി ഒരു വേള അവൻ പശ്ചാത്തപിക്കുന്നുവെങ്കിലും അതേറ്റു പറയാൻ അവനെ കീഴടക്കിയ നൈരാശ്യബോധം അനുവദിച്ചില്ല. അതിനാൽത്തന്നെ അതിദാരുണമായി അവൻ മരണപ്പെടുന്നു.

ഒരു പക്ഷേ, ഇതിലുമൊക്കെ എത്രയോ മടങ്ങ് പൈശാചികമായ കുറ്റകൃത്യങ്ങളായിരിക്കാം യേശുവിന്റെ വലതുവശത്ത് കുരിശിൽ തൂങ്ങിയ കള്ളൻ ചെയ്തിട്ടുണ്ടാവുക! പക്ഷെ, എപ്പോഴോ ഒരു നിമിഷം അവന്റെ ആത്മാവ് നന്മയുടെ സ്പർശനമേറ്റുണർന്നു! സമീപത്തു കുരിശിലേറിയവൻ ഏറ്റവും മതിയായവൻ എന്ന ചിന്തയിൽ അവൻ പ്രാർത്ഥിച്ചു. ഹൃദയം പകർന്ന ആ പ്രാർത്ഥനക്ക് പ്രത്യുത്തരമായത് വാക്കുകൾക്കോ, വികാര വിചാരങ്ങൾക്കോ ഉൾക്കൊള്ളാനാവാത്ത പരമ പരിശുദ്ധമായ ദൈവരാജ്യത്തിലേക്കുള്ള ക്ഷണമായിരുന്നു!

**അതെ! സ്വർഗ്ഗരാജ്യം, ഏറ്റുപറയാൻ മനസ്സുള്ളവന്റെ ഉൾത്തടത്തിലാണ്.**

## ഫെബ്രുവരി ലക്കം ക്വിസ് മത്സരവിജയി

**സിഖ വിൻസന്റ്**

ചെങ്ങാലൂക്കാരൻ വീട്,
സെന്റ് ജോൺ II



**അഭിനന്ദനങ്ങൾ**

# ആരോഗ്യ ചിന്തകൾ



പരീക്ഷാകാലം വരികയാണല്ലോ. കഴിഞ്ഞ ഒരു വർഷം പഠനവിധേയമാക്കിയ വസ്തുതകൾ പരീക്ഷാ പേപ്പറിലേയ്ക്ക് പുനഃരാവിഷ്കരണം നടത്താനൊരുങ്ങുന്ന നമ്മുടെ കുട്ടികൾക്ക് സഹായകമാകുന്ന ചില കാര്യങ്ങൾ നമുക്കു നോക്കാം.

ഇക്കാര്യത്തിൽ ഏറ്റവും പ്രധാനം അവരുടെ ഭക്ഷണകാര്യത്തിലുള്ള ശ്രദ്ധയാണ്. ഗ്രീൻ ടീ പോലുള്ള ആന്റി ഓക്സിഡന്റുകൾ ദിവസത്തിൽ ഒന്നോ രണ്ടോ ഗ്ലാസ് കഴിയ്ക്കുന്നത് വളരെ ഉത്തമമാണ്. പയറുവർഗങ്ങൾ, ഇലക്കറികൾ, മത്തി, തക്കാളി തുടങ്ങിയവ നിർബന്ധമായും ദിവസേനയുള്ള ഭക്ഷണത്തിൽ ഉൾപ്പെടുത്തണം. ഞാവൽപ്പഴവും വാഴപ്പഴവും അത്യുത്തമമാണ്. മുട്ട, മഞ്ഞൾ, നട്സ് ഇവയും ഭക്ഷണത്തിന്റെ ഭാഗമാക്കുക. എന്നാൽ ഇവയൊക്കെ കൂടുതൽ കഴിച്ച്, ബുദ്ധി വർദ്ധിപ്പിച്ച് പരീക്ഷ നന്നായി എഴുതാമെന്നു കരുതരുത്. ഭക്ഷണം അമിതമായാൽ അത് ഉറക്കത്തിലേയ്ക്കും മറ്റു ശാരീരിക പ്രശ്നങ്ങളിലേയ്ക്കും നയിക്കുമെന്നു മനസ്സിലാക്കുക.

പരീക്ഷാക്കാലത്ത് വിദ്യാർത്ഥി ആദ്യമായി ചെയ്യേണ്ടത് താൻ എവിടെ നിൽക്കുന്നു എന്ന സ്വയാവബോധം ഉണ്ടാക്കുന്നതാണ്. എന്തൊക്കെയായിരുന്നു പാഠഭാഗങ്ങൾ, എങ്ങനെയൊക്കെ അവയെ ഇതുവരെ താൻ കൈകാര്യം ചെയ്തുവെന്നും മനസ്സിലാക്കുക. അവസ്ഥ മനസ്സിലാക്കി ടെൻഷനടിക്കാനല്ലാട്ടോ, ഇനിയുള്ള ദിവസങ്ങളിൽ, എത്ര വൈകിയെങ്കിലും ചിട്ടയോടെ ചില ക്രമീകരണങ്ങൾ നടത്തി വിജയം നേടാനുള്ള ഒരുക്കത്തിനാണ്. മാത്രമല്ല ഒരുപാടുകാര്യങ്ങൾ ഒരേ സമയം നടപ്പിലാക്കുമ്പോൾ ഓർമ്മയിലിരിക്കാനുള്ള ബുദ്ധിമുട്ട് ഒഴിവാക്കാനും കൂടിയാണ് ഇത്. പലർക്കും വിഷയങ്ങൾ പലരീതിയിലാണ് എളുപ്പമായും ബുദ്ധിമുട്ടുള്ളതായും അനുഭവപ്പെടുക. സ്റ്റഡി ലീവ് നല്ല രീതിയിൽ ഉപയോഗപ്പെടുത്തണം. ദിവസവും 6 മുതൽ 8 മണിക്കൂർ വരെ പഠനത്തിനായി ഈ ദിവസങ്ങളിൽ മാറ്റിവയ്ക്കുക. അതിൽ ബുദ്ധിമുട്ടുള്ള വിഷയത്തിന് കൂടുതൽ സമയം നൽകി സാവധാനം പഠിക്കാൻ ശ്രമിക്കുക. വല്ലാതെ പ്രേരണ കുറവ് തോന്നുമ്പോൾ എളുപ്പമുള്ള വിഷയം എടുത്തു പഠിക്കുക, അല്ലാതെ പഠനത്തിൽ നിന്നും പിന്മാറരുത്. പഠനരീതിയ്ക്ക് അനുസരിച്ചാണ് ഓരോരുത്തരും പഠനത്തിനുള്ള ഉപായങ്ങൾ തിരഞ്ഞെടുക്കേണ്ടത്. കണ്ടു പഠിക്കുന്ന രീതി, കേട്ടുകൊണ്ടുള്ള പഠനം, തൊട്ടറിഞ്ഞുകൊണ്ടുള്ള പഠനം അങ്ങനെ ഏതുമാകാം. നോട്ടുകൾ തയ്യാറാക്കിയും ആശയങ്ങളെ ബന്ധപ്പെടുത്തി ഡയഗ്രം വരച്ചും കാര്യങ്ങൾ കൂടുതൽ മനഃപാഠമാക്കാൻ സാധിക്കും. ഏറ്റവും പ്രധാനം പഠനം സന്തോഷകരമായ അനുഭവമായി മാറണമെന്നതാണ്.

# മാർച്ച് മാസത്തിലെ കുടുംബസമ്മേളനങ്ങൾ

| യൂണിറ്റ് | കുടുംബനാഥന്റെ/ നാഥയുടെ പേര് | തിയ്യതി | സമയം |
|---|---|---|---|
| സെന്റ് ആന്റണീസ് | കൂടലി അന്തോണി ജോസ് | 01-03-15 | 2.30 p.m. |
| ഇൻഫന്റ് ജീസസ് | മൂലയിൽ ജോസഫ് ഭാര്യ എൽസി | 01-03-15 | 3.15 p.m. |
| സെന്റ് ജോസഫ് | ചേറ്റുപുഴക്കാരൻ വർഗ്ഗീസ് ജോയ് | 01-03-15 | 4.00 p.m. |
| ഹോളിക്രോസ് | പാലിയേക്കര ഡാനിയേൽ പോൾ | 01-03-15 | 4.45 p.m. |
| സെന്റ് സെബാസ്റ്റ്യൻ | ചാക്കോര്യ റപ്പായി നൈജൊ | 01-03-15 | 5.30 p.m. |
| സെന്റ് ഗീവർഗ്ഗീസ് | ഇടപ്പുള്ളി അന്തോണി ഭാര്യ ആലീസ് | 08-03-15 | 2.30 p.m. |
| സെന്റ് ജോർജ്ജ് | അറയ്ക്കൽ ലോനപ്പൻ ബേബി | 08-03-15 | 3.15 p.m. |
| സെന്റ് ജോൺ I | മച്ചിങ്ങൽ യാക്കോബ് വർഗ്ഗീസ് | 08-03-15 | 4.00 p.m. |
| സെന്റ് ജോൺ II | മാളക്കാരൻ പൗലോസ് ലോനപ്പൻ | 08-03-15 | 4.45 p.m. |
| വാ. മദർ തെരേസ | കൂടലി അന്തോണി ഭാര്യ ലില്ലി | 08-03-15 | 5.30 p.m. |
| സെന്റ് മേരീസ് I | ചിറ്റിലപ്പിള്ളി പീറ്റർ ഭാര്യ റോസി | 15-03-15 | 2.30 p.m. |
| സെന്റ് മേരീസ് II | മാണാത്ത് ദേവസ്സി മേഴ്സി | 15-03-15 | 3.15 p.m. |
| സെന്റ് അൽഫോൻസ | ആഴ്ചങ്ങാടൻ കൊച്ചപ്പൻ പോളി | 15-03-15 | 4.00 p.m. |
| സെന്റ് റോസ് | കണ്ണേങ്ങത്ത് ഔസേപ്പ് ആന്റണി | 15-03-15 | 4.45 p.m. |
| സെന്റ് സേവ്യർ | ചാലിശ്ശേരി ആന്റണി റിനോസ് | 15-03-15 | 5.30 p.m. |

**വായിക്കേണ്ട വചനഭാഗം : യോഹ 10:11-18**
**"ആടുകൾക്കു വേണ്ടി ജീവൻ സമർപ്പിക്കുന്ന നല്ല ഇടയൻ"**

# ഫെബ്രുവരി ലക്കം ക്വിസ് ശരിയുത്തരങ്ങൾ

(1) 2014 നവം.28 (2) തിമോത്തേയോസ് (3) ഏശയ്യ 40.29 (4) വി.ജെരാർദ് മജല്ല (5) ഫിലിപ്പീൻസ് (6) ജമ്മു കാശ്മീർ രൂപത (7) അമേരിക്കയിലെ ഫിലാഡെൽഫിയ (8) മാർ പോളി കണ്ണൂക്കാടൻ (9) 1927 മാർച്ച് 19 - ദൈവ ദാസൻ ഫാ. വർഗീസ് പയ്യപ്പിള്ളി (10) 1917 മെയ് 13 (11) കാക്കുളിശ്ശേരി സെന്റ് ജോസഫ് ചർച്ച് (12) പൈൽസ് (13) ഫാ. ജോസ് മാളിയേക്കൽ (14) സച്ചിൻ തെൻ ഡുൽക്കർ (15) ഫ്രാൻസിസ് പാപ്പ (16) മോൺ. സഖറിയാസ് വാഴപ്പിള്ളി (17) ദനഹാതിരുനാൾ (18) വിശുദ്ധ മോനിക്ക (19) മാർ ജോൺ മേനാച്ചേരി

# മാമ്മോദീസ

| ഇടവക | വീട്ടുപേര് | മാതാപിതാക്കൾ | ശിശുവിന്റെ പേര് | ജനനം | മാമ്മോദീസ |
|---|---|---|---|---|---|
| മാപ്രാണം | കുറ്റിക്കാടൻ | ആന്റു + സോജ | ആൽബർട്ട് (ആന്റണി) | 26-09-14 | 28-12-14 |
| മാപ്രാണം | ചിറയത്ത് കള്ളാപറമ്പിൽ | സോണി ബാസ്റ്റ്യൻ വിമല ചാലിൽ | അബിഗെയിൽ (മറിയം സോണി) | 12-07-14 | 10-01-15 |
| മാപ്രാണം | കളപ്പറമ്പത്ത് | സെബി + പ്രീതി | സെയിറിൻ | 10-11-14 | 08-02-15 |
| മാപ്രാണം | കിടങ്ങുപറമ്പിൽ | ഷിജോ +ജിസ | ഓസ്റ്റിൻ (ദേവസി) | 14-11-14 | 08-02-15 |

# പിന്നിട്ട ലോകം



ജെസ്റ്റോ മാമ്പിള്ളി

- ഡൽഹി മുഖ്യമന്ത്രിയായി അരവിന്ദ് കേജ്‌രിവാൾ സത്യപ്രതിജ്ഞ ചെയ്തു.
- 35-ാം ദേശീയ ഗെയിംസ് സമാപിച്ചു. കേരളത്തിനു 2-ാം സ്ഥാനം.
- തൃശ്ശൂർ റേഞ്ച് പോലീസ് ഐജിയായി ടി.ജെ ജോസിനേയും തൃശ്ശൂർ സിറ്റി പോലീസ് കമ്മീഷണറായി ആർ. നിശാന്തിനിയേയും നിയമിച്ചു.
- പോപ്പ് താരം ബിയോൺസിന്റെ നെക്‌ലസിന് വില 80 ലക്ഷം രൂപ.
- മാസ്റ്റർ കാർഡ് സിഇഒ ആയ ഇന്ത്യക്കാരൻ അജയ്ബാംഗയെ യു.എസിന്റെ വ്യാപാര നയ ഉപദേശകസമിതി അംഗമായി പ്രസിഡണ്ട് ബറാക് ഒബാമ നിയമിച്ചു.
- ഉത്തരകൊറിയ "കപ്പൽവേധ" മിസൈൽ വിജയകരമായി പരീക്ഷിച്ചു. മിസൈൽ ലക്ഷ്യം കൃത്യമായി തിരിച്ചറിഞ്ഞ് തകർത്തതായി ഔദ്യോഗിക വാർത്താ ഏജൻസി അറിയിച്ചു.
- കത്തോലിക്കാ സഭയിൽ ഒരു വർഷം കൊണ്ട് ഒന്നേകാൽകോടി വിശ്വാസികൾ വർധിച്ചതായി റിപ്പോർട്ട്. ഇപ്പോൾ സഭയിൽ മൊത്തം 123 കോടി അംഗങ്ങളാണുള്ളത്.
- മറാഠി നോവലിസ്റ്റ് ബാലചന്ദ്രവനാജി നെമാഡേയ്ക്ക് ജ്ഞാനപീഠം.
- ട്രെയിൻ ടിക്കറ്റ് ഓൺലൈനിൽ ബുക്ക് ചെയ്യാൻ 'കാഷ് ഓൺ ഡെലിവറി' സംവിധാനം നിലവിൽ വന്നു.
- റിപ്പബ്ലിക് ദിനത്തിൽ 'യുദ്ധ് സേവാമെഡൽ' നൽകി രാജ്യം ആദരിച്ച കേണൽ എം.എൻ. റായ് പിറ്റേദിവസം കശ്മീരിൽ ഭീകരരുമായുള്ള ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടു.
- കൊളംബിയൻ സുന്ദരി പൊളീന വെഗ മിസ് യൂണിവേഴ്സായി തിരഞ്ഞെടുക്കപ്പെട്ടു.
- ചർച്ച് ഓഫ് ഇംഗ്ലണ്ട് - ലിബ്ബി ലെയ്ൻ ആദ്യത്തെ വനിതാ ബിഷപ്പ്.
- ശേഖർ സെൻ കേന്ദ്ര സംഗീത നാടക അക്കാദമി ചെയർമാൻ
- കാനഡക്കാരായ വിൽഗാഡും, സാറ ഹ്യൂനിക്കും തണുത്തുറഞ്ഞ നയാഗ്ര വെള്ളച്ചാട്ടം കയറി ചരിത്രം സൃഷ്ടിച്ചു.
- ഓസ്ട്രേലിയൻ ഓപ്പൺ മിക്സ്ഡ് ഡബിൾസിൽ മാർട്ടിന ഹിൻജിസും ലിയാൻഡർ പെയ്സും കിരീടം സ്വന്തമാക്കി.

---

## ഫെബ്രുവരി ലക്കം ക്വിസ് മത്സര വിജയി

**സിഖ വിൻസന്റ് ചെങ്ങാലൂക്കാരൻ - സെന്റ് ജോൺ II**

മത്സരത്തിൽ പങ്കെടുത്ത 11 പേരിൽ 4 പേർ ശരിയുത്തരം എഴുതി. അവരിൽ നിന്നും നറുക്കെടുത്ത് ബഹു. വികാരി റവ.ഫാ. ജോസ് മാളിയേക്കൽ വിജയിയെ പ്രഖ്യാപിച്ചു.

# ക്വിസ് മത്സരം

1) കേരളീയരുടെ ശരാശരി ആയുർദൈർഘ്യം എത്ര വയസ്സാണ് ?
2) വി.ജോസഫ് വ്യാസ് വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കപ്പെട്ടത് എന്നാണ്?
3) വത്തിക്കാന്റെ മതാന്തര സംവാദത്തിനായുള്ള കൗൺസിലിങ്ങിന് നേതൃത്വം നൽകുന്ന കർദ്ദിനാൾ ?
4) ഒരാൾക്ക് ഒരുദിവസം ആഹാരത്തിൽ ഉൾപ്പെടുത്താവുന്ന ഉപ്പിന്റെ അളവ്?
5) തമിഴ്നാട്ടിലെ 17-ാമത്തെ രൂപതയുടെ പേര്?
6) ദൈവം ആരിലൂടെയാണ് പരിശുദ്ധാത്മാവിനെ നമ്മുടെ മേൽ വർഷിച്ചത്?
7) "ബലാസ്റ്റ് " എന്നു പറയുന്നത് എന്തിനെയാണ്?
8) ഫാമിലി മെമ്പർഷിപ്പ് സർട്ടിഫിക്കറ്റ് നൽകാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ?
9) ശ്രീലങ്കയിലെ ജനസംഖ്യയിൽ എത്ര ശതമാനമാണ് ക്രൈസ്തവർ?
10) സൊസൈറ്റി ഓഫ് നിർമ്മലദാസി സിസ്റ്റേഴ്സിന്റെ സ്ഥാപകർ ആരാണ്?
11) 2018ലെ കോമൺവെൽത്ത് ഗെയിംസ് എവിടെയാണ് നടക്കുക?
12) നല്ലൊരു ആന്റിബയോട്ടിക്കിന്റെ ഗുണം ചെയ്യുന്ന ഇല ഏതാണ്?
13) പ.കന്യകാമറിയത്തിന്റെ ജനനതിരുനാളിന് ഒരുക്കമായിട്ടുള്ള നോമ്പിന്റെ പേര്?
14) യുറുഗ്വായിൽ എത്ര രൂപതകളുണ്ട്?
15) ''കാരുണ്യം അനുഗ്രഹത്തിന്റെ ആരാമം പോലെയാണ്; ദാനധർമ്മം എന്നേക്കും നില നിൽക്കുന്നു''. പുസ്തകം? അധ്യായം? വാക്യം?
16) വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് നിർമ്മിച്ച ഡോക്യുമെന്ററിയുടെ പേര്?
17) വി. വലന്റൈൻ രക്തസാക്ഷിത്വം വരിച്ച വർഷം, മാസം, ദിവസം?
18) ''ഈശോയെ, എന്റെ ദൈവമേ" എന്ന് ഉച്ചരിച്ചുകൊണ്ട് മരണമടഞ്ഞ വിശുദ്ധൻ ?

അവലംബം : ഫെബ്രുവരി ലക്കം ഹോളിവോയ്സ്, കേരളസഭ, വി. പൗലോസ് തീത്തോസിന് എഴുതിയ ലേഖനം : ഉത്തരങ്ങൾ, ഹോളി വോയ്സ് ബോക്സിൽ നിക്ഷേപിക്കേണ്ട അവസാന തിയ്യതി 15-03-2015.

# വിവാഹം

| ഇടവക | വീട്ടുപേര് | മാതാപിതാക്കൾ | വരനും വധുവും | തീയതി |
|---|---|---|---|---|
| മാപ്രാണം പള്ളിക്കുന്ന് | കള്ളാപറമ്പിൽ തുലാപറമ്പിൽ | സണ്ണി + ജെസ്സി ജോർജ്ജ് + വൽസ | ¢ ബോണി ജോർജ്ജ് നീതു ജോർജ്ജ് | 05 -1- 2015 |
| മാപ്രാണം മറ്റത്തൂർ | ചെങ്ങാലൂക്കാരൻ നെടുമ്പാക്കാരൻ | ജോസ് +മേരി പോളി + ആനി | രഞ്ജിത്ത് റെമി | 28-01-2015 |
| മാപ്രാണം ഇരിഞ്ഞാലക്കുട | കല്ലേരി കാഞ്ഞിരക്കാടൻ കുറ്റിക്കാട്ട് അക്കരക്കാരൻ | ജോയ് +അൽഫോൻസ വർഗ്ഗീസ് + വൽസ | ജെസ്റ്റിൻ വിനി | 01-02-2015 |
| മാപ്രാണം ബ്രഹ്മകുളം | പള്ളിത്തറ വാഴപ്പിള്ളി | ജോൺ + ലില്ലി വിൻസന്റ് + ജോയ്സി | ഹന്ന ദീപക് വിൻസ് | 01-02-2015 |

# ബൈബിൾ കലണ്ടർ : മാർച്ച് - 2015

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| **1**<br>മത്താ 20:17-28<br>റോമാ 7:14-25<br>ഉത്പ 7:6-24 | **2**<br>മർക്കോ 12:28-34<br>റോമാ 7:1-6 | **3**<br>ലൂക്കാ 21:29-36<br>1 കോറി 10:1-13 | **4**<br>മത്താ 5:43-48<br>1 പത്രോ 3:8-12 | **5**<br>മർക്കോ 12:35-40<br>എഫേ 6:1-9 | **6**<br>മർക്കോ 12:18-27<br>റോമാ 8:1-6 | **7**<br>മത്താ 21:28-32<br>എഫേ 4:25-32 |
| **8**<br>മത്താ 21:33-44<br>റോമാ 8:12-17<br>ഉത്പ 11:1-9 | **9**<br>യോഹ 5:1-18<br>റോമാ 9:1-13 | **10**<br>യോഹ 5:19-23<br>റോമാ 9:14-18 | **11**<br>യോഹ 6:60-69<br>റോമാ 10:1-13 | **12**<br>യോഹ 7:1-13<br>റോമാ 11:1-10 | **13**<br>യോഹ 7:25-31<br>റോമാ 11:25-36 | **14**<br>യോഹ 7:45-53<br>റോമാ 13:1-7 |
| **15**<br>യോഹ 7:37-39, 8:12-20<br>റോമ 12:1-11<br>ഉത്പ 16:6-16 | **16**<br>ലൂക്കാ 18:18-25<br>കൊളോ 2:16-19 | **17**<br>ലൂക്കാ 10:33-37<br>2 കോറി 9:10-15 | **18**<br>യോഹ 8:1-11<br>യൂദാ 8-13 | **19**<br>മത്താ 1:18-25<br>2 കോറി 10:3-11 | **20**<br>യോഹ 8:49-59<br>റോമ 13:8-14 | **21**<br>മർക്കോ 10:1-12<br>1 കോറി 13:1-13 |
| **22**<br>യോഹ 10:11-18<br>റോമ 14:13-23<br>ഉത്പ 19:15-26 | **23**<br>യോഹ 12:44-50<br>1 തെസ 3:6-13 | **24**<br>ലൂക്കാ 13:31-35<br>2 പത്രോ 2:4-10 | **25**<br>ലൂക്കാ 1:26-38<br>ഹെബ്രാ 1:1-13 | **26**<br>ലൂക്കാ 3:8-11<br>2 പത്രോ 2:11-17 | **27**<br>യോഹ 11:38-45<br>റോമ 15:7-13 | **28**<br>യോഹ 12:1-8<br>ശ്ലീഹ 20:22-38 |
| **29**<br>മത്താ 21:1-17<br>റോമ 11:13-24<br>ഉത്പ 49:8-12,22-26 | **30**<br>യോഹ 11:47-57<br>ഹെബ്രാ 1:5-14 | **31**<br>യോഹ 12:20-26<br>ഹെബ്രാ 5:1-10 | | | | |